# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3070 — 28/01/14-ൽ മറുപടിക്ക്

### ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് :<br>ശ്രീ. എളമരം കരീം :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ വസ്തുക്കൾക്ക് സബ്സിഡി നൽകി, കുതിച്ചുയരുന്ന വിലക്കയറ്റത്തിൽ നിന്ന് ആശ്വാസം നൽകുന്നത് അനാവശ്യമാണെന്ന നിലപാടിൽ നയം വ്യക്തമാക്കുമോ; | എ) അത്തരമൊരു നിലപാട് സർക്കാരിനില്ല. |
| ബി) വിലക്കയറ്റത്തിൽ നിന്ന് ജനങ്ങൾക്ക് തെല്ലെങ്കിലും ഉണ്ടായിരുന്ന ആശ്വാസം ഇല്ലാതാക്കിയത് പെട്രോളിയം ഉല്പന്നങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, വളം, പാചകവാതകം തുടങ്ങിയ അവശ്യ വസ്തുക്കൾക്കുണ്ടായിരുന്ന സബ്സിഡി കേന്ദ്ര സർക്കാർ വേണ്ടെന്ന് വെച്ചത് മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ദിശയിലുള്ള നീക്കം അവസാനിപ്പിക്കുവാനും, കമ്പോളത്തിൽ ശക്തമായി ഇടപെട്ട്, ജനങ്ങൾക്ക് ആശ്വാസം നൽകാനും തയ്യാറാകുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിലക്കയറ്റത്തിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യവസ്തുക്കൾക്ക് സബ്സിഡി നൽകി വിതരണം ചെയ്യുന്നത് സർക്കാരിന്റെ കടമയായി കണക്കാക്കുകയും ആയത് പ്രകാരം സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. നിലവിൽ മൂന്ന് രൂപയ്ക്ക് ലഭിക്കുന്ന എ.എ.വൈ. അരി ഒരു രൂപയ്ക്കും ബി.പി.എൽ കാർഡുടമകൾക്ക്, 6.20 രൂപ നിരക്കിൽ ലഭിക്കുന്ന അരി 1രൂപ/കി.ഗ്രാമിനും 4.70 രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പ് 2 രൂപ/കി.ഗ്രാം നിരക്കിലും നൽകുന്നു. എ.പി.എൽ (എസ്.എസ്) വിഭാഗങ്ങൾക്ക്, 8.90 രൂപ നിരക്കിൽലഭിക്കുന്ന അരി 2 രൂപ നിരക്കിലും സബ്സിഡി നൽകി റേഷൻ കടകൾ വഴി സംസ്ഥാനം വിതരണം ചെയ്യുന്നു. കൂടാതെ സാധാരണ ജനങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന 13 |

ഇനം ഭക്ഷ്യ വസ്തുക്കൾ (അരി ഉൾപ്പെടെ) സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (കി.ഗ്രാമിന്) | നിലവിലെ പൊതുവിപണി വില |
|---|---|---|---|
| 1. | ചെറുപയർ | 55.00 | 84.80 |
| 2. | ഉഴുന്ന് (ഹോൾ) | 42.00 | 73.10 |
| 3. | വൻകടല | 45.00 | 59.20 |
| 4. | വൻ പയർ | 35.00 | 60.60 |
| 5. | തുവരപ്പരിപ്പ് | 45.00 | 77.00 |
| 6. | മുളക് | 55.00 | 99.00 |
| 7. | മല്ലി | 60.00 | 95.20 |
| 8. | പഞ്ചസാര | 26.00 | 34.25 |
| 9. | പച്ചരി | 21.00 | 28.50 |
| 10. | മട്ട അരി | 21.00 | 34.30 |
| 11. | കുറുവ അരി | 21.00 | 31.33 |
| 12. | ജയ അരി | 21.00 | 33.70 |
| 13. | വെളിച്ചെണ്ണ | 62.00 | 128.00 |
| | | | |

മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും വിപണി വിലയേക്കാൾ 10% മുതൽ 20% വരെ വിലക്കുറവിലും 90-ഓളം വരുന്ന ചില്ലറ മെഡിക്കൽ ഷോപ്പുകൾ മുഖേന അവശ്യമരുന്നുകളും ജീവൻ രക്ഷാ മരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിലും വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. BPL കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവു നൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

സി) വിലക്കയറ്റം ഉണ്ടാക്കുന്ന നയസമീപനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

സി) പരിശോധിക്കുന്നതാണ്.

Beena

**സെക്ഷൻ ഓഫീസർ**